LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യം എന്റെ പ്രസംഗത്തിൽ വിട്ടുകളഞ്ഞത് അത് എന്റേത് അല്ലാത്തതുകൊണ്ടാണെന്ന് മനസ്സിലായല്ലോ. മറ്റ് മന്ത്രിമാരുടേതുമായി ബന്ധപ്പെട്ടതാണ് വിട്ടുകളഞ്ഞത്. National Mineral Development Corporation നുമായിട്ട് നമുക്ക് Major Mineral വ്യവസായത്തിന് ധാരണയുണ്ട്. ഇ.ആർ.സി.യും, എൻ.എം.ഡി.സി.യുമായി ചേർന്നുകൊണ്ട് ജോയിന്റ് സെക്ടറിൽ, ബഹുമാനപ്പെട്ട പ്രധാനമന്ത്രി വന്ന് ജിമ്മിൽ പ്രഖ്യാപിച്ച, ഒരു വൻകിട പ്രോജക്ട് റിക്കോർഡിക്കലായിട്ടുള്ള കാര്യങ്ങളൊക്കെ വച്ച് ഗവൺമെന്റ് മുൻകൈ എടുത്ത ഒരു വ്യവസായ യൂണിറ്റാണത്. അല്ലാത്ത വിവരങ്ങളൊന്നും ഗവൺമെന്റിന്റെ കൈയിലില്ല.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: സർ, ലോക മാർക്കറ്റിൽ കൈത്തറിക്കുണ്ടായിരുന്ന പ്രത്യേക പരിഗണന W.T.O.-യുടെ തീരുമാനപ്രകാരം 2004-ഓടുകൂടി അവസാനിക്കുകയാണ്. ഇതുമൂലം വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇത് മുൻകൂട്ടി കണ്ടുകൊണ്ട് നമ്മുടെ കയറ്റുമതി കുറയാതിരിക്കുവാനുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: W T O Agreement അനുസരിച്ച് Export and Import Policy-കളിൽ വരുന്ന ചെയ്ഞ്ചസിനെക്കുറിച്ച് ആശങ്കകളുണ്ട്. അതുപോലെതന്നെ അതിനെ സംബന്ധിച്ച് പ്രതിഷേധവും ഉണ്ട്. അമേരിക്കൻ മാർക്കറ്റിനൊക്കെ കൂടുതൽ പ്രൊട്ടക്ഷനുണ്ട്. അവരുടെ പ്രൊട്ടക്ഷനും പോകും. അതുകൊണ്ട് ചിലയാളുകൾ പറയുന്നു, ചില മേഖലകൾക്ക് ഗുണം കിട്ടുമെന്ന്. അതേ അവസരത്തിൽ ഇങ്ങോട്ട് വരുന്നതിനെക്കുറിച്ച് ആശങ്കയുമുണ്ട്. അത് നമ്മൾ ചർച്ച ചെയ്യേണ്ട വിഷയമാണ്. ആ കാര്യത്തിൽ എക്സ്പോർട്ട് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണം.

സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ പദ്ധതിയും നിക്ഷേപ സമാഹരണവും

*2 [485] ശ്രീ. എ. കെ. ബാലൻ:

,, എം. വി. ജയരാജൻ:

,, മത്തായി ചാക്കോ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ വായ്പാ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഈ വർഷം എത്ര കോടി രൂപ വായ്പയായി നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നു;

(സി) നിക്ഷേപ സമാഹരണം വഴി ലക്ഷ്യം വച്ചിട്ടുള്ള തുകയും കൈവരിച്ച നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിന്റെ പുതിയ ഭരണസമിതി മറ്റ് ഏതെങ്കിലും ബാങ്കുകളുടെ വായ്പകൾ ഏറ്റെടുക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകളുടെ, ഏതെല്ലാം ആളുകളുടെ, എന്ത് തുകയുടെ വായ്പകളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) ലോൺ ടേക്കോവറുകൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 2003-04-ൽ 1907.87 കോടി രൂപ വായ്പയായി നൽകാൻ ലക്ഷ്യം ഇട്ടിട്ടുണ്ട്.

(സി) 400 ലക്ഷം രൂപ സ്വരൂപിക്കാൻ ലക്ഷ്യമിട്ടിരുന്നു. 875.85 ലക്ഷം രൂപ സമാഹരിച്ചു.

(ഡി) ഉണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഇല്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: അങ്ങയുടെ ഉത്തരത്തിൽ കമ്പനികൾക്ക് കൊടുക്കാവുന്ന പരമാവധി സംഖ്യ 300 ലക്ഷമാണെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ അതേ ഉത്തരത്തിൽ തന്നെ ജിയോ ഫ്രാങ്ക് എന്റർപ്രൈസസ് പ്രൈവറ്റ് ലിമറ്റഡ് എന്ന കമ്പനിക്ക് 350 ലക്ഷം രൂപ കൊടുത്തതായി കാണുന്നുണ്ട്. എന്റെ ചോദ്യം, തൃശ്ശൂർ ജില്ലയിലെ ബെൻടെക് ഇലക്ട്രിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്ക് 115 ലക്ഷം രൂപ ലോൺ കൊടുത്തതായി അങ്ങ് ഇവിടെ ഉത്തരത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഈ കമ്പനി തൃശ്ശൂരിലെ യൂണിയൻ ബാങ്കിൽ നിന്ന് ലോൺ എടുത്ത് 43 ലക്ഷം രൂപ ഓവർഡ്യൂ ആയതാണ്. ഇപ്പോൾ വാണിജ്യ ബാങ്കുകൾ നടത്തിക്കൊണ്ടിരിക്കുന്ന വൺടൈം സെറ്റിൽമെന്റിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപ വൺടൈം സെറ്റിൽമെന്റായ കമ്പനിയാണ്. ആ 25 ലക്ഷം രൂപ കൊടുക്കുന്നതിന് വേണ്ടിയാണ് 43 ലക്ഷം രൂപ അനുവദിച്ചിരിക്കുന്നത്. അതിനുപുറമെ പുതിയ പ്രവർത്തന മൂലധനം എന്ന നിലയിൽ 72 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ ഓവർഡ്യൂ ആയ പ്രവർത്തനനിരതമല്ലാത്ത യാതൊരു ലാഭവുമില്ലാതെ ലോൺ എടുത്തത് തിരിച്ചടയ്ക്കാൻ കഴിയാത്ത ഒരു സ്ഥാപനത്തിന് 115 ലക്ഷം രൂപ കൊടുത്തത് ക്രമവിരുദ്ധമാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എന്തെങ്കിലും നടപടിയെടുക്കുമോ?

† അനുബന്ധം II, IIഎ ആയി ചേർത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: സർ, കമ്പനികൾക്ക് 100 ലക്ഷമല്ല 300 ലക്ഷമാണ് അനുബന്ധത്തിൽ ഉള്ളത്. മെമ്പർക്ക് അത് കിട്ടിയിട്ടുണ്ടാകും. അത് ഇപ്പോഴുള്ള പുതിയ ഏർപ്പാടല്ല. ഈ ലോൺ കൊടുക്കുന്നത് കുറേക്കാലമായിട്ട് തുടരുന്നതാണ്. ഇപ്പോൾ പലിശ നിരക്കിൽ വ്യത്യാസമുണ്ട്. പത്തൊമ്പത് ശതമാനത്തിന് എടുത്തു. ഇപ്പോൾ പതിനാറോ പന്ത്രണ്ടോ ശതമാനമേയുള്ളൂ. നമ്മുടെ ബാങ്കിൽ നിന്ന് മറ്റുള്ളവർ എടുക്കുന്നുണ്ട്, മറ്റുള്ളവരുടെ ബാങ്കിൽ നിന്ന് എടുത്തവരും കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് എടുക്കുന്നുണ്ട്. ഇതിലൊന്നും അപാകതയുള്ളതായി തോന്നുന്നില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: എന്റെ ചോദ്യത്തിനൊന്നും മറുപടി പറഞ്ഞില്ല. 350 ലക്ഷം രൂപ കൊടുത്തതിനെക്കുറിച്ച് മറുപടി പറഞ്ഞില്ല. രണ്ടാമത്തേത് ബെൻടെക് എന്ന തൃശ്ശൂരിലെ സ്ഥാപനത്തെ സംബന്ധിച്ച് പറഞ്ഞതിനും ഒന്നും പറഞ്ഞില്ല.

ശ്രീ. എം. വി. രാഘവൻ: ഈ കമ്പനിയെ പറ്റി എനിക്ക് അറിയില്ല. അറിയാത്ത കാര്യത്തെക്കുറിച്ച് എങ്ങനെയാണ് പറയുക. 300 ലക്ഷമാണ് പരിധി. പരിധിയിൽ അധികം കൊടുത്തിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. വി. ചെന്താമരാക്ഷൻ: സംസ്ഥാന സഹകരണ ബാങ്കിൽ ലോൺ അനുവദിക്കുന്നത് ഡയറക്ടർ ബോർഡ് യോഗം ചേർന്നിട്ടാണ്. ഈ ഡയറക്ടർ ബോർഡ് യോഗത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികളായി രണ്ട് സി.എം.പി. നേതാക്കൻമാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. കാസർഗോഡ് നിന്നുള്ള അഡ്വക്കേറ്റ് കൃഷ്ണനും മിസ്സിസ് കൃഷ്ണനും. ഇവർ സംസ്ഥാന സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുക്കാൻ ഒരു വീട്ടിൽ നിന്ന് പുറപ്പെടുന്നു, രണ്ട് കാറുകളിൽ കയറുന്നു, തിരുവനന്തപുരത്ത് വരുന്നു. സംസ്ഥാന സഹകരണ ബാങ്കിന്റെ ഡയറക്ടർ ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നു. ഇവിടെ താമസിക്കേണ്ടി വന്നാൽ ഒരു സ്ഥലത്ത് തന്നെ താമസിക്കുന്നു. പിറ്റേദിവസം തിരിച്ച് പോകുമ്പോൾ വീണ്ടും രണ്ട് കാറുകളിൽ കയറുന്നു, തിരിച്ച് വീട്ടിൽ പോകുന്നു. ഇത് ക്രമത്തിലാണോ; ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: You put the question. ഇതൊക്കെ ഡിമാന്റ് ചർച്ചയിൽ സംസാരിക്കേണ്ട കാര്യങ്ങളാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: എന്റെ ചോദ്യം, ഇത് ക്രമത്തിലാണോ; മന്ത്രിസഭയ്ക്ക് പുറത്തും സഹകരണ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അഴിമതിക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കും എന്ന് വ്യക്തമാക്കാറുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? മന്ത്രിയുടെ അഭിപ്രായം അറിയാൻ താൽപ്പര്യമുണ്ട്.

ശ്രീ. എം. വി. രാഘവൻ: ഭാര്യയും ഭർത്താവും ഒന്നിച്ചാണോ കിടക്കുന്നത് എന്ന് ചോദിക്കുന്നത് പോലെയുള്ള കാര്യങ്ങളാണ് ചോദിക്കുന്നത്. പണ്ട് എ.കെ.ജി.യും സുശീലയും ഒന്നിച്ച് പാർലമെന്റിൽ പോയിരുന്നു, രണ്ട് ടി.എ. തന്നെയാണ് അവർ വാങ്ങിയിരുന്നത്. ഇപ്പോൾ വന്നതുകൊണ്ട് അതിനെപ്പറ്റി വിവരം ഉണ്ടാകില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: എന്തെങ്കിലും പറയുമ്പോൾ ഇതുപോലെയുള്ള മറുപടി പറയരുത്.

മി. സ്പീക്കർ: You put the question.

ശ്രീ. എം. വി. ജയരാജൻ: മഹാനായ എ.കെ.ജി.-യെ പോലും ഇങ്ങനെ വികൃതമായി ചിത്രീകരിക്കാൻ എം.വി. രാഘവനല്ലാതെ മറ്റാർക്കും കഴിയില്ല. വളരെ വളരെ ദൗർഭാഗ്യകരമായിപ്പോയി. അങ്ങേക്കേ അത് സാധിക്കൂ. മറ്റാർക്കും അത് സാധിക്കില്ല. സംസ്ഥാന സഹകരണ ബാങ്ക് സഹകരണ മേഖലയ്ക്ക് പുറമെ വായ്പ നൽകുന്നതിന് ഒരു സബ് റൂളുണ്ട്. നബാർഡ് അംഗീകരിച്ചതും സംസ്ഥാന സഹകരണ ബാങ്ക് പിന്നീട് അംഗീകരിച്ച് നടപ്പിൽ വരുത്തിയതുമാണ് ആ സബ് റൂൾ. ആ സബ് റൂൾ പ്രകാരമാണ് വായ്പകൾ നൽകേണ്ടത്. അത് പ്രകാരമാണെങ്കിൽ സഹകരണ മേഖലയ്ക്ക് പുറമെ വ്യക്തികൾക്കോ ഫേമുകൾക്കോ വായ്പ നൽകുകയാണെങ്കിൽ 25 ലക്ഷം രൂപയാണ് പരമാവധി. ഇത് അങ്ങ് തന്നെ മറുപടിയിലും പറഞ്ഞിട്ടുണ്ട്. കമ്പനികൾക്ക് 300 ലക്ഷം രൂപ. ഇതാണ് സബ് റൂൾ. ഈ സബ് റൂളിന് വ്യത്യസ്തമായി ഇവിടെ തന്ന മറുപടിയിൽ തന്നെ 10 സ്ഥാപനങ്ങൾക്ക്, വ്യക്തികൾക്ക് സഹകരണ മേഖലയ്ക്ക് പുറമെ 2217.30 ലക്ഷം രൂപ വായ്പ നൽകിയിരിക്കുകയാണ്. ഈ സബ് റൂളിന് വിരുദ്ധമായി മറ്റ് ബാങ്കുകൾ വഴി കൊടുത്ത കിട്ടാക്കടമായിട്ടുള്ള കുടിശ്ശികയുള്ള വായ്പ അതിന് സഹകരണ ബാങ്ക് സഹകരണ മേഖലയിൽ ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ കൂടി പറ്റാൻ പാകത്തിൽ വൺടൈം സെറ്റിൽമെന്റ് എന്നുപറയുന്ന സംവിധാനം സഹകരണ ബാങ്ക് സഹകരണ മേഖലയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആ-ആനുകൂല്യങ്ങൾ കിട്ടാൻ പാകത്തിൽ സബ്റൂളിന് വിരുദ്ധമായി കണ്ണൂർ റോളർ ഫ്ളവർ മിൽസ് എന്ന ഒരു ഫേമിന്, കമ്പനിയുമല്ല, കമ്പനി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തതുമല്ല. 300 ലക്ഷം രൂപയാണ് കമ്പനികൾക്ക് പോലും കൊടുക്കാൻ പറ്റുന്നത്. വ്യക്തികൾക്കും ഫേമുകൾക്കും 25 ലക്ഷം മാത്രമാണ്. 450 ലക്ഷം രൂപ വായ്പ അനുവദിച്ച സംസ്ഥാന സഹകരണ ബാങ്കിന്റെ ഭരണ സമിതിയുടെ നടപടി അന്വേഷിക്കുമോ; കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: സംസ്ഥാന സഹകരണ ബാങ്ക് വ്യാവസായികാവശ്യത്തിന് കടം കൊടുക്കുന്ന ഒരു സബ് റൂളാണ് പറഞ്ഞത്. അതിൽ അധികം കൊടുത്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് അന്വേഷിക്കാൻ തയ്യാറാണ്. ഇതൊന്നും ഇപ്പോൾ തുടങ്ങിയതല്ല. 1999-ൽ എ.ആർ.ജെ. ട്രേഡേഴ്സ് ആന്റ് എന്റർപ്രൈസസ് 148 ലക്ഷം രൂപ അതുപോലെ ഗ്രാമാലിയ ഹാവൻസ് ഹോട്ടൽസ് 375 ലക്ഷം രൂപ അതെല്ലാം നിങ്ങളുടെ കാലത്ത് കൊടുത്തതാണ്. തുടങ്ങിവച്ചത് നിങ്ങൾ തന്നെയാണ്.

ശ്രീ. എം.വി. ജയരാജൻ: ഏത് കാലമായാലും അന്വേഷിക്കണം. ഏത് കാലത്തും ആകട്ടെ. സബ് റൂളിന് വിരുദ്ധമായിട്ട് നൽകിയതിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. നബാർഡ്, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, സംസ്ഥാന ഗവൺമെന്റ് ഇവർ തമ്മിൽ ഒരു ധാരണയുണ്ടാക്കിയിട്ടുണ്ട്. ആ ധാരണ പ്രകാരം കോടിക്കണക്കിന് രൂപ വായ്പ

കൊടുക്കുന്ന, നിക്ഷേപം സമാഹരിക്കുന്ന സംസ്ഥാന സഹകരണ ബാങ്കിന് അതിന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിൽ ഒരു ഐ.എ.എസ്.-കാരനെ വയ്ക്കണമെന്നുള്ളത് ധാരണാപത്രത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്ഥിരമായി സംസ്ഥാന സഹകരണ ബാങ്കിന് ഒരു മാനേജിംഗ് ഡയറക്ടറില്ല. ഇടയ്ക്ക് വരും ഇടയ്ക്ക് പോകും. അത് ഐ.എ.എസ്.-കാരനുമല്ല. ഇത്തരത്തിൽ ധാരണാപത്രത്തിൽ നിന്ന് വ്യത്യസ്തമായ നിലപാട് സ്വീകരിക്കുന്നതിൽ നിന്ന് സർക്കാർ പിൻതിരിയുമോ; ധാരണാപത്രത്തിൽ പറയുന്ന പ്രകാരമുള്ള ഒരാളെ സംസ്ഥാന സഹകരണ ബാങ്കിന്റെ എം.ഡി. ആയി സ്ഥിരമായി വയ്ക്കുമോ?

മി. സ്പീക്കർ: ഈ ചോദ്യത്തിന്റെ പരിധിയിൽ വരുമോ?

ശ്രീ. എം. വി. ജയരാജൻ: ഭരണസമിതിയാണ് വായ്പകൾ കൊടുക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: ഞാൻ പറയാം. സംസ്ഥാന സഹകരണ ബാങ്കിൽ പഴയ ഗവൺമെന്റിന്റെ കാലത്ത് മറ്റൊരു ബാങ്കിൽ നിന്ന് ഡെപ്യൂട്ടേഷനിൽ എടുത്തിട്ടുള്ള ആളാണ് ചാർജ് വഹിച്ചത്. അയാൾ ഇപ്പോൾ പോയി. ഇപ്പോൾ ഐ.എ.എസ്. ഓഫീസറായ കോ-ഓപ്പറേഷൻ സെക്രട്ടറിയാണ് എം.ഡി.-യുടെ ചാർജ് വഹിക്കുന്നത്.

ശ്രീ. മത്തായി ചാക്കോ: സ്പീക്കർ, കൊച്ചിയിലെ ഇൻഡസ് ബാങ്ക് അതുപോലെതന്നെ ധനലക്ഷ്മി ബാങ്ക് തുടങ്ങിയിട്ടുള്ള സ്വകാര്യ ബാങ്കുകൾ നോൺ പെർഫോമിംഗ് അസ്സറ്റായി കണക്കാക്കിയിട്ടുള്ള വായ്പകൾ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് റീ-ഫൈനാൻസ് ചെയ്തുകൊണ്ട് അത് ഏറ്റെടുത്ത കാര്യത്തെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. എന്നാൽ സഹകരണ മേഖലയിലുള്ള കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന റെഡിമെയ്ഡ് ഗാർമെന്റ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വർക്കിംഗ് ക്യാപിറ്റലിന് വേണ്ടി കഴിഞ്ഞ രണ്ട് വർഷമായിട്ട് എല്ലാ വിശദാംശങ്ങളോടും കൂടി കൊടുത്തിട്ടും അത്തരം അപേക്ഷകൾ പരിഗണിക്കാതെ ഇത്തരമൊരു നിലപാടിലേക്ക് പോകുന്നത് ഒരു നയത്തിന്റെ ഭാഗമാണോ; ഇത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: അതിനെപ്പറ്റി പരിശോധിക്കാം. ഏത് സൊസൈറ്റിയാണ്? അതിൽ പറയുന്ന രീതിയിൽ കണ്ടീഷൻ അനുവദിക്കുമെങ്കിൽ കടം കൊടുക്കാൻ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് പണമുണ്ട്. ആരാണ് കൊടുക്കാത്തതെന്ന് എഴുതി തന്നാൽ മതി.

ശ്രീ. മത്തായി ചാക്കോ: സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിച്ചതിന് ശേഷം അവിടുത്തെ ഡയറക്ടർ ബോർഡിൽ സാധാരണഗതിയിൽ കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്ന് ഒരാളുണ്ടായിരുന്നു. അഗ്രിക്കൾച്ചർ ഡയറക്ടർ അതിൽ മെമ്പറായിട്ടുണ്ടായിരുന്നു. ഗവൺമെന്റ് പൊളിറ്റിക്കൽ നോമിനേഷൻ നടത്തുന്നതിന് നമുക്ക് ഒബ്ജക്ഷനൊന്നും പറയാനില്ല. പക്ഷേ മൂന്ന് പേരുള്ളതിൽ രണ്ട് സി.എം.പി.-കാരെയും ഒരു കോൺഗ്രസ്സ്

LIBRARY ARCHIVES Kerala Legislative Assembly

കാരനെയും (ശൂരനാട് രാജശേഖരൻ) വച്ചു. അങ്ങനെ വയ്ക്കുന്നതിൽ വിരോധമില്ല. പക്ഷേ കാലാകാലമായിട്ടുണ്ടായിരുന്ന അഗ്രികൾച്ചർ ഡയറക്ടറെ ഒഴിവാക്കിക്കൊണ്ട് ഇങ്ങനെ വച്ചിട്ടുള്ള നടപടി ശരിയാണോ; ഇത് പുനഃപരിശോധിച്ച് ആ ഡിപ്പാർട്ട്മെന്റിൽ നിന്ന് ഒരാളെ വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: ഇത് സംബന്ധിച്ച് ഗവൺമെന്റിന് ഇന്ന ഇന്ന ആളുകളെ വയ്ക്കണമെന്ന് വ്യക്തമായിട്ടുള്ള നിബന്ധനയൊന്നുമില്ല. അതിന്റെ അടിസ്ഥാനത്തിൽ ഒരാളെ വച്ചു എന്നേയുള്ളൂ.

ശ്രീ. പിരപ്പൻകോട് മുരളി: സഹകരണ മേഖലയിലെ പലിശ നിരക്ക് വളരെ കുറവാണ്. അതുകൊണ്ട് സഹകരണ ബാങ്കുകളുടെ ഡെപ്പോസിറ്റ് കുറയുകയും ചെയ്യുന്നു. ഇത് കണക്കിലെടുത്ത് ട്രഷറി നിരക്കിലെങ്കിലും സഹകരണ ബാങ്കിലെ പലിശ വർദ്ധിപ്പിച്ചുകൊണ്ട് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എം. വി. രാഘവൻ: സർ, പലിശ കുറഞ്ഞ് കുറഞ്ഞ് വരികയാണ്. ലോകം മുഴുവൻ പലിശ കുറഞ്ഞുവരികയാണ്. അതുകൊണ്ട് സഹകരണ മേഖലയിൽ കൂട്ടാൻ സാധിക്കില്ല. എങ്കിലും നമ്മുടെ നാഷണലൈസ്ഡ് ബാങ്കുകൾ കൊടുക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഒരു ശതമാനം പലിശ കൂടുതൽ ഇപ്പോഴും സഹകരണ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്ന ആളുകൾക്കുണ്ട്. അതിലധികം കൂട്ടാൻ സാധിക്കില്ല. കടം കൊടുക്കുന്ന പലിശ ഈ ഗവൺമെന്റ് വന്നതിനുശേഷം 3 ശതമാനം കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[11-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *2 (485) കാണുക.]

സംസ്ഥാന സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ വായ്പാ പദ്ധതികൾ

	വായ്പ	പരിധി	സെക്യൂരിറ്റി	പലിശ	കാലാവധി
1	പ്രവർത്തന മൂലധന വായ്പ	വ്യക്തികൾക്കും ഫേമുകൾക്കും 25 ലക്ഷം രൂപ കമ്പനികൾക്ക് 300 ലക്ഷം രൂപ	വസ്തു ജാമ്യവും സ്റ്റോക്കിന്റെ ഈടും	50000 രൂപ വരെ 12% 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13% 2 ലക്ഷത്തിനു മുകളിൽ 14%	ഒരു വർഷം (കാലാകാലങ്ങളിൽ പുതുക്കി നൽകാറുണ്ട്).
2	കറന്റ് അക്കൗണ്ട് ഓവർ ഡ്രാഫ്റ്റ്	ഒരു ലക്ഷം രൂപ	ആൾ ജാമ്യമോ വസ്തു ജാമ്യമോ (ഏതെങ്കിലും ഒന്ന്)	50000 രൂപ വരെ 12% 50000 രൂപയ്ക്ക് മുകളിൽ 13%	ഒരുവർഷം (അക്കൗണ്ട് ഓപ്പറേഷൻ തൃപ്തികരമെങ്കിൽ ഒരു വർഷം കൂടി പുതുക്കി നൽകും)
3	ഭവന വായ്പ	10 ലക്ഷം രൂപ	പണിയാനുദ്ദേശിക്കുന്ന വീടും അതിരിക്കുന്ന സ്ഥലവും	5 വർഷം വരെ 10%, 5 മുതൽ 10 വർഷം വരെ 10.25% 10-നു മുകളിൽ 15 വർഷം വരെ 10.50%	180 മാസം വരെ
4	വാഹന വായ്പ	10 ലക്ഷം രൂപ	വാഹനത്തിന്റെ ഈടു കൂടാതെ വസ്തു ജാമ്യമോ ആൾ ജാമ്യമോ	50000 രൂപ വരെ 12%. 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13% 2 ലക്ഷത്തിനു മുകളിൽ 14%	60 മാസം
5	സ്വർണ്ണപ്പണയ വായ്പ	2 ലക്ഷം രൂപ	പണയ ഉരുപ്പടികൾ	3 മാസം വരെ 11% 6 മാസം വരെ 11.50% ഒരു വർഷം വരെ 12.50%	ഒരു വർഷം

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II (തുടർച്ച)

	വായ്പ	പരിധി	സെക്യൂരിറ്റി	പലിശ	കാലാവധി
6	സമൃദ്ധി ലോൺ	ഒരു ലക്ഷം രൂപ	വസ്തു ജാമ്യമോ ആൾ ജാമ്യമോ	50000 രൂപ വരെ 12% 50000 രൂപയ്ക്ക് മുകളിൽ 13%	60 മാസം
7	മോർട്ട് ഗേജ് ലോൺ	7.50 ലക്ഷം രൂപ	വസ്തുജാമ്യം	50000 രൂപ വരെ 12% 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13% 2 ലക്ഷത്തിനു മുകളിൽ 14%	60 മാസം
8	വിദ്യാഭ്യാസ വായ്പ	5 ലക്ഷം രൂപ	വസ്തു ജാമ്യമോ ആൾ ജാമ്യമോ	50000 രൂപ വരെ 12% 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13% 2 ലക്ഷത്തിനു മുകളിൽ 14%	84 മാസം
9	വ്യവസായ വായ്പ/ പ്രവർത്തന മൂലധന വായ്പ	300 ലക്ഷം രൂപ	വസ്തു ജാമ്യവും സ്റ്റോക്കിന്റെ ഈടും കൂടാതെ ബ്ലോക്ക് ക്യാപ്പിറ്റൽ വായ്പകൾക്ക് വായ്പ പ്രകാരം വാങ്ങിയ യന്ത്ര സാമഗ്രികൾ മുതലായവയുടെ ഈടും	50000 രൂപ വരെ 12% 50000 രൂപ മുതൽ 2 ലക്ഷം രൂപ വരെ 13%. 2 ലക്ഷത്തിനു മുകളിൽ 14%	60 മാസം
10	ചെക്ക്/ബിൽ ഡിസ്കൗണ്ടിംഗ്	50,000 രൂപ	സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ ചെക്ക്/ബിൽ എന്നിവ	15 ദിവസം വരെ 12% 15 ദിവസത്തിനുമുകളിൽ 3 മാസം വരെ 14%. മൂന്ന് മാസത്തിനു മുകളിൽ 15%	..

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II എ

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *2 (485) കാണുക.]

സംസ്ഥാന സഹകരണ ബാങ്കിന്റെ പുതിയ ഭരണ സമിതി ഏറെറടുത്തിട്ടുള്ള വായ്പകളുടെ വിശദവിവരം

	വായ്പാ തീയതി	വായ്പ നൽകിയ യൂണിറ്റ്	അനുവദിച്ച വായ്പ തുക	വായ്പ തുകയിൽനിന്ന് ഇതര ബാങ്കുകൾക്കുള്ള കടം തീർത്തത്/തീർക്കാൻ തീരുമാനമായത്
1	19-9-2002	ജിയോഫ്രാങ്ക് എന്റർപ്രൈസസ് (പ്രൈവറ്റ് ലിമിറ്റഡ്)	350 ലക്ഷം രൂപ	ഇൻഡസ് ഇൻഡ് ബാങ്ക് 260 ലക്ഷം രൂപ
2	6-1-2003	സെന്റ് ജോർജ്ജ് കേബിൾസ് (പ്രൈവറ്റ് ലിമിറ്റഡ്)	300 ലക്ഷം രൂപ (200 ലക്ഷം ടേം ലോൺ 100 ലക്ഷം പ്രവർത്തന മൂലധനം)	സിഡ്ബി-103.57 ലക്ഷം രൂപ. പഞ്ചാബ് നാഷണൽ ബാങ്ക്-48.00 ലക്ഷം രൂപ.
3	11-12-2002	ബെൻ-ടെക്ക് ഇലക്ട്രിക്കൽസ് (പ്രൈവറ്റ് ലിമിറ്റഡ്)	115 ലക്ഷം രൂപ (43 ലക്ഷം ടേം ലോൺ 72 ലക്ഷം പ്രവർത്തന മൂലധനം)	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ 43.00 ലക്ഷം രൂപ
4	23-12-2002	കണ്ണൂർ റോളർ ഫ്ളവർ മിൽസ് (പ്രൈവറ്റ് ലിമിറ്റഡ്)	450 ലക്ഷം രൂപ	പഞ്ചാബ് നാഷണൽ ബാങ്ക് 415 ലക്ഷം രൂപ
5	30-4-2003	ഹ്യൂസ് അഡ്വർടൈസിംഗ് ആന്റ് മാർക്കറ്റിംഗ് (പ്രൈവറ്റ് ലിമിറ്റഡ്)	57.30 ലക്ഷം രൂപ	ദേനാ ബാങ്ക് 35.10 ലക്ഷം രൂപ
6	11-12-2002	ജെ. ജെ. ഹോളിഡേ റിസോർട്ട്	340 ലക്ഷം രൂപ	കെ.എഫ്.സി. 240 ലക്ഷം രൂപ
7	6-3-2003	കല്പകവാടി മോട്ടൽസ്	25 ലക്ഷം രൂപ	ലോർഡ് കൃഷ്ണാ ബാങ്ക് 10 ലക്ഷം രൂപ
8	5-11-2002	പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽസ്	50 ലക്ഷം രൂപ	എസ്.ബി.ടി. 3.09 ലക്ഷം രൂപ
9	19-6-2003	അഷ്ടമുടി റിസോർട്ട്സ്	200 ലക്ഷം രൂപ	കെ.എസ്.ഐ.ഡി.സി. 102.00 ലക്ഷം രൂപ
10	19-6-2003	ഗാന്ധി ഗ്രാം റബ്ബേഴ്സ്	330 ലക്ഷം രൂപ (150 ലക്ഷം ടേം ലോൺ 180 ലക്ഷം പ്രവർത്തന മൂലധനം	സൗത്ത് ഇന്ത്യൻ ബാങ്ക് 283.82 ലക്ഷം രൂപ